

01-07-2022

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/07/2022.

1. കാലാവസ്ഥ വ്യതിയാനം പ്രവചനാതീതമായ ഈ കാലഘട്ടത്തിൽ കർഷകർക്ക് അവരുടെ ഏക വരുമാന മാർഗമായ കാർഷികവിളകളെ സംരക്ഷിക്കുന്നതിനുള്ള മാർഗമാണ് വിള ഇൻഷുറൻസ് പദ്ധതി. പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം എന്നിവ കർഷകർക്ക് എന്നും ഭീഷണിയാണ്. ഇത്തരം നാശനഷ്ടങ്ങളിൽ നിന്നും കർഷകരെയും അവരുടെ കുടുംബത്തെയും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന സർക്കാർ വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ മുഴുവൻ കർഷകരെയും പദ്ധതിയിൽ അംഗങ്ങളായി ചേർക്കുന്നതിനുവേണ്ടി സംസ്ഥാന കൃഷിവകുപ്പ് **ഇന്ന് (ജൂലൈ 1) വിള ഇൻഷുറൻസ് ദിന**മായി ആചരിക്കുകയാണ്. ജൂലൈ ഒന്നു മുതൽ 7 വരെ ഒരാഴ്ചക്കാലം എല്ലാ പഞ്ചായത്തിലും ഇൻഷുറൻസ് ക്യാമ്പയിനും സംഘടിപ്പിക്കുകയാണ്. കർഷകർക്ക് കൃഷി ഭവനുകളിൽ വരാതെ ഓൺലൈനായി തന്നെ വിള ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിനും പോളിസി കരസ്ഥമാക്കുന്നതിനുമുള്ള അവസരവും ഉണ്ട്. ഓൺലൈനായി ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് www.aims.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ് .

2. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിന്റെ കീഴിലുള്ള വിപണന കേന്ദ്രത്തിൽ നിന്നും ഇഞ്ചിയുടെ പ്രോട്രേയിലുള്ള തൈകൾ വിപണനത്തിന് ലഭ്യമാണ്. ഒരു മാസം വളർച്ചയുള്ള തൈകൾ ഒന്നിന് 3 രൂപ നിരക്കിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2383572** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പൗൾട്രി വികസന കോർപ്പറേഷനിൽ വളർത്തിയെടുത്ത 45 മുതൽ 65 ദിവസം പ്രായമായ ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ രാവിലെ 10 നും വൈകിട്ട് 5 നും ഇടയ്ക്ക് **9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു.

4. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാണ്. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിച്ചു.

5. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 01) ഉച്ചക്ക് 03.00 മണിക്ക് **ആന്ത്രാക്സ് അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'സസ്യ പ്രജനനവും നഴ്സറി പരിപാലനവും'** (Plant propagation and nursery management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. കുറഞ്ഞത് 50% മാർക്കോടുകൂടിയ എസ്.എസ്.എൽ.സിയോ തത്തുല്യ വിദ്യാഭ്യാസമോ ആണ് അടിസ്ഥാന യോഗ്യത. അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പരും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്. പ്രായപരിധിയില്ലാതെ ഏത് ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 19 ആണ്. www.celkau.in/Online%20Courses/Login.aspx എന്നതാണ്

രജിസ്ട്രേഷൻ ലിങ്ക്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0487 2438567, 0487 2438565, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **ജൂലൈ 4 മുതൽ 15** വരെയുള്ള തീയതികളിൽ ക്ഷീരോത്പന്ന നിർമ്മാണത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരമോ അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപയാണ്. താൽപര്യമുള്ളവർ ജൂലായ് 2-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ജൂലൈ മാസം 7,8 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 14,15 തീയതികളിൽ മുയൽ വളർത്തൽ, 22-ന് പോത്ത് വളർത്തൽ, 26-ന് കാട വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. **പാലക്കാട് കാർഷിക വിജ്ഞാന കേന്ദ്രം നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കവുങ്ങിൻ തോപ്പുകളിൽ മഞ്ഞളിപ്പ് രോഗം കണ്ടുവരുന്നു. തൃത്താല, അട്ടപ്പാടി, മണ്ണാർക്കാട് ഭാഗങ്ങളിലാണ് ജില്ലയിൽ കൂടുതലായും രോഗബാധ കണ്ടുവരുന്നത്. മേൽമണ്ണിലുണ്ടാകുന്ന മൂലകങ്ങളുടെ അഭാവത്തോടൊപ്പം ലവണാംശത്തിൽ (pHൽ) ഉണ്ടാകുന്ന വ്യത്യാസമാണ് പ്രധാനമായും ഈ രോഗാവസ്ഥയ്ക്കു കാരണം. കവുങ്ങുകളുടെ പുറമെയുള്ള ഇലകളിൽ തുടങ്ങുന്ന മഞ്ഞളിപ്പാണ് രോഗലക്ഷണത്തിന്റെ തുടക്കം. ഈ മഞ്ഞളിപ്പ് കാലക്രമേണ പുതിയ ഇലകളെയും ബാധിക്കുന്നു. നിറം മാറിയ ഇലകൾ കരിഞ്ഞുണങ്ങുന്നു. മൂപ്പെത്തിയതും അല്ലാത്തതുമായ കായ്കൾ കൊഴിഞ്ഞു വീഴുന്നു.

രോഗം മൂർഛിക്കുന്ന അവസ്ഥയിൽ ഇലകൾ മുഴുവനും കൊഴിഞ്ഞ് പോകുകയും മണ്ടഭാഗം കുറ്റിയായി തീരുകയും ചെയ്യുന്നു. തൽഫലമായി കവുങ്ങുകൾ പൂർണ്ണമായും നശിച്ചുപോകുന്നു. മണ്ണുപരിശോധന അടിസ്ഥാനമാക്കിയുള്ള സംയോജിത വളപ്രയോഗ രീതിയാണ് ഇതിനുള്ള ഏകപരിഹാരം. ഇതിനായി വളപ്രയോഗത്തിനു മുൻപ് കവുങ്ങ് ഒന്നിന് 250 ഗ്രാം കുമ്മായം വീതം മണ്ണിൽ നനവുള്ളപ്പോൾ ചേർത്ത് കൊടുക്കുക. ശേഷം **ഒന്നാം വളമായ 220 ഗ്രാം യൂറിയ, 200 ഗ്രാം രാജ്ഫോസ്, 235 ഗ്രാം പൊട്ടാഷ്** എന്നിവയും ഒരാഴ്ചയ്ക്ക് ശേഷം 50 ഗ്രാം മഗ്നീഷ്യം സൾഫേറ്റും ഓരോ കവുങ്ങിനും ചേർത്ത് കൊടുക്കുക. ഒരു മാസത്തിനു ശേഷം സിങ്ക്, ബോറോൺ എന്നിവ ലഭിക്കുന്നതിന് വേണ്ടി 100 ഗ്രാം **സമ്പൂർണ്ണ** മണ്ണിൽ ചേർത്ത് കൊടുക്കുക. ഇത് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ച് കൊടുക്കാവുന്നതുമാണ്. സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഓരോ കവുങ്ങിനും 10 കിലോഗ്രാം ജൈവവളം വീതം ചേർത്ത് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം